# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2456** **11.10.2011- ൽ മറുപടിനൽകേണ്ടത്.**

## ഭൂമിയുടെ ന്യായവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് പല സ്ഥലത്തും ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് വിപണി വിലയെക്കാം കൂടുതലാണെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ അപാകതകാം പരിഹരിക്കാൻ നാളിതുവരെ എന്തെല്ലാം നടപടികാം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകാം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്ന താണ്. അപ്പീൽ സമർപ്പിയ്ക്കുന്നതിനുള്ള കാലാവധി 30 ദിവസമായിരുന്നത് ഒരു വർഷ മായി നീട്ടിക്കൊണ്ടും അപ്പീൽ സമർപ്പിക്കു വാനുണ്ടായ കാലതാമസത്തിനുള്ള കാരണം തൃപ്തികരമാണെന്ന് കളക്ടർക്ക് ബോധ്യപ്പെട്ടാൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കുന്ന അപ്പീലുകളും പരിഗണിയ്ക്കാവുന്നതാണെന്നും സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഓരോ സ്ഥലത്തിന്റെയും സ്ഥിതി നേരിൽ പരിശോധിച്ച് ന്യായവില തിട്ടപ്പെടുത്താൻ ആവശ്യമായ സംവിധാനം ഏർപ്പെടു ത്തുമോ? | (സി) 05.08.2011-ന് ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി യുടെ ചേമ്പറിൽ കൂടിയ മീറ്റിംഗിൽ റീസർവേ കഴിയുന്ന വസ്തുക്കളിൽ ന്യായവില പുനർ നിർണ്ണയിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ആവശ്യമായ സ്ഥല പരിശോധന നടത്തി വിലയുടെ കൃത്യത ഉറപ്പാക്കേണ്ടതാണെന്നും ആഫീസിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, സബ് രജിസ്ട്രാർ, തഹസിൽദാർ എന്നിവർ ഉരംപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ